കൊടുക്കാനുണ്ട്. എന്തിനാണ് ഈ പാവപ്പെട്ടയാളുകളുടെ പിച്ചച്ചട്ടിയിൽ കൈയിട്ടു വാരുന്നത് ? പെൻഷൻ നിയമം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിട്ട് കുറെ വർഷങ്ങളായി. അതുകൊണ്ട് പെൻഷൻകാരെ വിളിച്ച് ചർച്ച നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കര നാരായണൻ) : സർ, പെൻഷൻകാരോട് വളരെ അനുകൂലമായിട്ടാണ് ഈ ഗവൺമെന്റ് പെരുമാറിയത് എന്നാണ് പെൻഷൻ സംഘടനകളുടെ പ്രസിഡന്റുമാർ എന്നോട് പറഞ്ഞത്. 6,70,880 ആളുകൾക്ക് പെൻഷൻ കൊടുക്കുന്നുണ്ട്. 75 വയസ്സ് കഴിഞ്ഞവർക്കും അംഗവൈകല്യമുള്ളവർക്കും മണിയോർഡർ ആയിട്ട് അയച്ചുകൊടുക്കുന്നുണ്ട്. 15 വർഷമായിരുന്ന കമ്മ്യൂട്ടേഷന്റെ കാലാവധി 12 വർഷമായിട്ട് കുറച്ചുകൊടുത്തു. അനുകൂലമായിട്ടുള്ള ഒരു തീരുമാനമാണ് പെൻഷൻകാരെ സംബന്ധിച്ചുള്ളത്. ബാക്കി കാര്യങ്ങൾ അവരുമായിട്ട് 8-ാം തീയതി ചർച്ച ചെയ്യാം എന്ന് തീരുമാനമെടുത്തിട്ടുണ്ട

## (3) താമരശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ശോച്യാവസ്ഥ

ശ്രീ. സി. മൊയിൻകുട്ടി : സർ, 31-3-1998-ൽ ആരംഭിച്ച താമരശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വളരെ ശോചനീയാവസ്ഥയിലാണ്. കോഴിക്കോട് ജില്ലയിൽനിന്നും വരുന്ന ഒഴിവുകളിൽ ഒരാളെപ്പോലും എടുക്കുന്നില്ല ; രജിസ്ട്രേഷൻ പുതുക്കി കിട്ടുന്നില്ല എന്ന പരാതിയുണ്ട്. അവിടെ ജീവനക്കാർ തീരെയില്ല. തുടക്കത്തിൽ ഒരു എംപ്ലോയ്മെന്റ് ഓഫീസറും ഒരു ക്ലർക്കും ഒരു ടൈപ്പിസ്റ്റും ഉണ്ടായിരുന്നു. പിന്നീട് ജോലിഭാരം കണക്കിലെടുത്തുകൊണ്ട് 2 ക്ലർക്കുമാരെക്കൂടി നിയമിച്ചു. പക്ഷേ അതിനുശേഷം ഒരു കാര്യവും നടക്കുന്നില്ല. ജീവനക്കാർ ഇല്ല. ഒരാളെപ്പോലും ആ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ജോലിക്ക് വിളിക്കുന്നില്ല. കോഴിക്കോട് മെഡിക്കൽകോളേജിലുൾപ്പെടെ ഒരാളെപ്പോലും ജോലിക്ക് വിളിക്കുന്നില്ല. പതിനായിരക്കണക്കിന് തൊഴിൽരഹിതർ ഉണ്ട്. ഈ സ്ഥാപനം കാര്യക്ഷമമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. ഈ വിഷയം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ രണ്ടു തവണ പെടുത്തിയതാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, താമരശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 24,732 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തു. അതിൽ വിവിധ തസ്തികകളിലായി 8903 പേരെ നാമനിർദ്ദേശം ചെയ്തിട്ട് അതിൽ 418 പേർക്ക് തൊഴിൽ ലഭിച്ചു. അവിടെ സ്റ്റാഫിന്റെ കുറവുണ്ടായിരുന്നു. 7-2-2003-ൽ കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആവശ്യമായ ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് അവിടെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ അതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ക്രമീകരണങ്ങളും അവിടെ നടത്തിയിട്ടുണ്ട്. ഇനി എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അത് തീർച്ചയായിട്ടും നികത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly